# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.05.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ 51-ാ മത് പ്രഗതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. സ്വച്ച് ഭാരത് മിഷൻ രണ്ടാം ഘട്ടം മികച്ചരീതിയിൽ നടപ്പാക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി.
2. തിരുവനന്തപുരത്ത് ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ അറസ്റ്റിലായവരുടെ എണ്ണം 8 ആയി. അന്വേഷണം പുരോഗമിക്കുന്നതായി ഡിജിപി റവാഡ ചന്ദ്രശേഖർ.
3. ബലിപെരുന്നാളിൽ ത്യാഗസ്മരണ പുതുക്കി ഇസ്ലാം മതവിശ്വാസികൾ. പള്ളികളിലും ഈദ് ഗാഹുകളിലും പങ്കെടുത്ത് ആയിരങ്ങൾ.
4. പതിനാറാം കേരള നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ.
5. സൗദി അറേബ്യയിലെ 20 വർഷത്തെ ജയിൽ വാസ ത്തിന് ശേഷം കോഴിക്കോട് സ്വദേശി അബ്ദുൽ റഹീം ജന്മനാട്ടിൽ തിരികെ എത്തി.
6. സംസ്ഥാനത്ത് വ്യാപക മഴ തുടരും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RAJU TVPM

## പ്രഗതി - പ്രധാനമന്ത്രി

സ്വച്ച് ഭാരത് മിഷൻ 2.0 മികച്ചരീതിയിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദി. കേവലം അടിസ്ഥാന സൗകര്യ വികസനത്തിന് അപ്പുറം, പൊതുജന പങ്കാളിത്തം, നിരീക്ഷണം അടക്കമുള്ളവയിൽ കൂടെ മികച്ച ഫലം ഉണ്ടാകുന്നുണ്ട് എന്ന് ഉറപ്പാക്കണം എന്നും അദ്ദേഹം ന്യൂഡൽഹിയിൽ ചേർന്ന 51-ാമത് പ്രഗതി യോഗത്തിൽ പറഞ്ഞു. നഗരമേഖലകളിൽ പുരപ്പുറ സോളാർ പദ്ധതികൾ വേഗത്തിൽ നടപ്പാക്കണം എന്ന് നിർദേശിച്ച പ്രധാനമന്ത്രി പരസ്പര സഹകരണത്തിലൂടെയും, സാങ്കേതിക വിദ്യ അധിഷ്ഠിത വിലയിരുത്തലിലൂടെയും നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിന് കെൻ-ബെത്വ നദീ സംയോജന പദ്ധതിയെ മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കണം എന്നും അഭിപ്രായപ്പെട്ടു.

## ദേശീയ വനിത കമ്മീഷൻ

രാജ്യത്തെ മുസ്ലിം സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിച്ച സമഗ്ര ശിപാർശ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച് ദേശീയ വനിതാ കമ്മീഷൻ. ആഭ്യന്തര മന്ത്രാലയം, വനിത-ശിശുവികസന, ന്യൂനപക്ഷ മന്ത്രാലയങ്ങൾ എന്നിവർക്കാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. വിവാഹം, പിന്തുടർച്ച അവകാശം, വിവാഹമോചനം തുടങ്ങിയ വിഷയങ്ങളിൽ റിപ്പോർട്ടിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

RNUTVPM

## ഇഡി - റെയ്ഡ് (ഇൻട്രോ)

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ വസതിയിൽ റെയ്ഡ് കഴിഞ്ഞിറങ്ങിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ അറസ്റ്റിലായവരുടെ എണ്ണം 8 ആയി. വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. അന്വേഷണം പുരോഗമിക്കുന്നതായും കൂടുതൽ അറസ്റ്റ് ഉണ്ടായേക്കുമെന്നും സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്രശേഖർ അറിയിച്ചു. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ തിരുവനന്തപുരത്തെ വസതിയിൽ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ബക്രീദ്

ത്യാഗസ്മരണകൾ പുതുക്കി ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലി പെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകനായ ഇബ്രാഹിം നബി, ആദ്യ പുത്രനായ ഇസ്മായിലിനെ ദൈവകൽപന മാനിച്ച് ബലി അർപ്പിക്കാൻ സന്നദ്ധനായതിൻറെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ. രാവിലെ മുതൽ പള്ളികളും ഈദ് ഗാഹുകളും കേന്ദ്രീകരിച്ച് നമസ്കാരവും പ്രത്യേക പ്രാർഥനയും നടക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ ബക്രീദ് ആശംസകൾ നേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RIJU TVPM

## ഈദ് നമസ്കാരം

വലിയ പെരുന്നാളിനോടനുബന്ധിച്ച് നടന്ന നമസ്കാരത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. തിരുവനന്തപുരത്ത് നടന്ന ചടങ്ങുകൾക്ക് പാളയം ഇമാം വി പി സുഹൈബ് മൗലവി നേതൃത്വം നൽകി. ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളെ ഒറ്റക്കെട്ടായി പരാജയപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട് പാളയം മുഹ് യിദ്ദീൻ പള്ളിയിലെ പെരുന്നാൾ നമസ്ക്കാരത്തിന് ചീഫ് ഇമാം ഡോ. ഹുസൈൻ മടവൂർ നേതൃത്വം നൽകി. ലക്ഷദ്വീപിലെ കവരത്തിയിൽ നടന്ന പെരുന്നാൾ നിസ്ക്കാരത്തിന് ഖത്തീബ് ആഷിഖ് ഫൈസി നേതൃത്വം നൽകി. മറ്റെല്ലാ ദ്വീപുകളിലും വിവിധ പള്ളികൾ കേന്ദ്രീകരിച്ച് പെരുന്നാൾ നിസ്കാരവും പ്രത്യേക പ്രാർത്ഥനകളും അന്നദാന ചടങ്ങുകളും സംഘടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി-പാണക്കാട്

മുഖ്യമന്ത്രി വി.ഡി. സതീശൻ പാണക്കാട്ടെത്തി സാദിഖലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തി. പെരുന്നാൾ ദിനത്തിൽ തന്നെ

പാണക്കാട് എത്താൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ളവർ മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു.

---

## കോഴിക്കോട് (ഇൻട്രോ)

സൗദി അറേബ്യയിൽ രണ്ടു പതിറ്റാണ്ട് നീണ്ട ജയിൽ വാസത്തിന് ശേഷം കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൽ റഹീം ജന്മനാട്ടിൽ തിരിച്ചെത്തി. റിയാദിൽ നിന്നും എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ ഇന്ന് രാവിലെ യാണ് അദ്ദേഹം നാട്ടിലെത്തിയത്.
**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

---

RNU TVPM

## കേരള നിയമസഭ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ നടക്കും. നയപ്രഖ്യാപന പ്രസംഗത്തിന് കഴിഞ്ഞ ദിവസം സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകിയി രുന്നു. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് മേലുള്ള ചർച്ചയും ഉണ്ടാകും. ഈ മാസം 21 ന് ആരംഭിച്ച നിയമസഭാ സമ്മേളനത്തിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും നടന്നു. യു ഡി എഫിലെ മുതിർന്ന അംഗം തിരുവഞ്ചൂർ രാധാകൃഷ്ണനാണ് 16-ാം നിയമസഭയുടെ സ്പീക്കർ.

---

## പദ്മനാഭ സ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ സുരക്ഷാ വീഴ്ച ഉണ്ടായ സംഭവത്തിൽ ക്ഷേത്ര ഭരണ സമിതി നാളെ യോഗം ചേരും. 5 പേരടങ്ങുന്ന ഭരണ സമിതിയാണ് രാവിലെ 10 മണിക്ക് യോഗം ചേരുന്നത്. സുരക്ഷാ വീഴ്ച ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും.

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിലേക്ക് നാളെ കൂടി ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. ഈ മാസം 31-നാണ് മൻ കി ബാത്തിൻറെ 134-ാാം പതിപ്പിൻറെ പ്രക്ഷേപണം.

## എൻഡിഎ സർക്കാർ - വാർഷികം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ 12 വർഷം പൂർത്തിയാക്കി. 2014 മെയ് 26 നാണ് ശ്രീ നരേന്ദ്രമോദി പ്രധാന മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. കഴിഞ്ഞ 12 വർഷങ്ങളിൽ വിവിധ മേഖലകളിലായി നിരവധി വികസന - ക്ഷേമ പദ്ധതികളാണ് കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്നത്.

RNU TVPM

## സുജിത്ത് - പിഎം കിസാൻ (ഇൻട്രോ)

പ്രവാസിയായിരുന്ന പത്തനംതിട്ട ഇലന്തൂർ സ്വദേശി സുജിത്ത് എസിന് പുതിയ ജീവിതമാർഗം ലഭിച്ചത് പി.എം. കിസാൻ പദ്ധതിയിലൂടെയാണ്. പി.എം. കിസാനിലൂടെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളെ കുറിച്ച് സുജിത്ത് ആകാശവാണി വാർത്തകളോട്......

**(VOICE)**

## വിജയൻ - പി എം വിശ്വകർമ്മ (ഇൻട്രോ)

രാജ്യത്തെ കരകൗശല കലാകാരന്മാരെ ചേർത്ത് നിർത്താൻ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പിഎം വിശ്വകർമ്മ. മികച്ച വായ്പ സൗകര്യം ഉൾപ്പെടെ വാഗ്ദാനം ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏറെ

പ്രയോജനം ലഭിച്ചതായി തൃശൂർ നെടുപുഴ സ്വദേശി വിജയൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(VOICE)

മഴ

കേരളത്തിൽ വ്യാപക മഴ തുടരും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാനും സാധ്യതയുണ്ട്. കനത്ത മഴയെ തുടർന്ന് അരുവിക്കര ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഡാമിന്റെ 2, 5 നമ്പർ ഷട്ടറുകൾ 20 സെന്റീമീറ്റർ കൂടി തുറന്നു. അണക്കെട്ടിൻറെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

## ഏഴിമല - പാസിംഗ് ഔട്ട്

നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വികസനമാണ് നാവികസേനയിൽ നടന്നുവരുന്നതെന്ന് ദക്ഷിണ നാവികസേന കമാൻഡിങ് ഇൻ ചീഫ്, വൈസ് അഡ്മിറൽ സമീർ സക്സേന. ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം കേഡറ്റുമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരിശീലനകാലത്തെ അറിവുകൾ വ്യക്തി ജീവിതത്തിലും പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. 311 കേഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്.

RNU TVPM